എൻ.ആർ.ഇ.പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾ

614 [821] ശ്രീ: എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, സി. ടി. അഹമ്മദാലി:
,, കെ. പി. എ. മജീദ്:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.ഇ.പി. പ്രകാരം എത്ര കോടിയുടെ വികസന പ്രവർത്തനങ്ങൾ നടത്തി;

(ബി) അതിന്റെ ജില്ലതിരിച്ച കണക്ക് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കായി എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചു;

(ഡി) നടപ്പുസാമ്പത്തികവർഷം എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചു?

ഉത്തരം

(എ) 1982 ഏപ്രിൽ മുതൽ 31-3-1986 വരെ എൻ.ആർ.ഇ.പി. പ്രകാരം സംസ്ഥാനത്ത് മൊത്തം 73.88 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി.

(ബി) ജില്ലതിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. *

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിൽപെടുത്തിയ റോഡുകൾ

615 [822] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ സ്കീമനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ റോഡിന്റെ പണി തീർത്തിട്ടുണ്ട്;

(ബി) ഓരോ സ്കീമനുസരിച്ചും ചെയ്ത റോഡിന്റെ പണി ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ച് റോഡു പണിക്ക് കേന്ദ്ര ഗവൺമെന്റ് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) 1986-87-ൽ ആർ.എൽ.ഇ.ജി.പി. സ്കീമിനും എൻ.ആർ.ഇ.പി. സ്കീമിനും അലോട്ടുചെയ്ത തുക എത്രയാണ്?

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly